# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *368 — 13.11.2019-ന് മറുപടിയ്ക്ക്

### ഒ.ബി.സി. വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപടികൾ

**ചോദ്യം**

**ശ്രീ. വി.ആർ. സുനിൽകുമാർ :**
**ശ്രീ. കെ. രാജൻ :**
**ശ്രീ. മുല്ലക്കര രത്നാകരൻ :**
**ശ്രീമതി. സി.കെ. ആശ :**

(എ) ഒ.ബി.സി. വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

**മറുപടി**

**എ. കെ. ബാലൻ**
(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) ഒ.ബി.സി. വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യ വിതരണത്തിലെ മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനായി 2017-18, 2018-19 വർഷങ്ങളിലായി പദ്ധതിയിനത്തിൽ 300 കോടി രൂപ അധികമായി അനുവദിച്ചു.
2. 2018-19 സാമ്പത്തിക വർഷം പരമ്പരാഗത മൺപാത്ര നിർമ്മാണത്തിലേർപ്പെടുന്നവർ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനത്തിനായി കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി ആവിഷ്കരിച്ചു.
3. വയനാട് ജില്ലയിലെ പിന്നാക്ക സമുദായത്തിൽപ്പെട്ട അരിവാൾ രോഗം അഥവാ വിളർച്ച ബാധിതരായ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് / രോഗികളുടെ രക്ഷിതാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

(.....2)

4. സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ബിരുദ തലത്തിലുള്ള വിവിധ പ്രൊഫഷണൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ യുവജനങ്ങൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

5. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ധനസഹായം എന്ന പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

6. പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം എന്ന പദ്ധതിക്ക് 1 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

7. നോൺ ക്രീമിലെയർ സാക്ഷ്യപത്രം അനുവദിക്കുന്ന ഉദ്യോഗസ്ഥർക്ക് റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തുടനീളം പരിശീലനം നൽകുകയും സമഗ്രമായ കൈപ്പുസ്തകം അച്ചടിച്ച് പുറത്തിറക്കുകയും ചെയ്തു.

8. ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

9. ക്രീമിലെയർ സാക്ഷ്യപത്രത്തിന് അപേക്ഷിക്കുന്നതും അനുവദിക്കുന്നതും ഇ-ഡിസ്ട്രിക്റ്റിൽ ഉൾപ്പെടുത്തി ഓൺലൈൻ ആക്കി.

10. പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതവും ഫലപ്രദവുമായ നിർവ്വഹണത്തിന് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ 2018 ജൂലൈ മാസത്തിൽ സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് ഉത്തരവായി.

11. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മലയാളത്തിലും ഇംഗ്ലീഷിലും പരിഷ്കരിച്ചു.

(.....3)

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഏതെങ്കിലും വിഭാഗങ്ങളെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ ;

(ബി) ഉണ്ട്. ഈ സർക്കാർ നിലവിൽ വന്ന ശേഷം ചുവടെ ചേർക്കുന്ന വിഭാഗങ്ങളെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- മുഖാരി / മൂവാരി
- ബോയൻ - കേരള സംസ്ഥാനത്ത് മലബാർ ഡിസ്ട്രിക്ടിൽ മാത്രം ഉൾപ്പെട്ടിരുന്ന ബോയൻ വിഭാഗമാണ് സംസ്ഥാന ഒ.ബി.സി. പട്ടിക യിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ സ.ഉ. (കൈ) നം.04/2019/ പി.വി.വി.വ, തീയതി 07.03.2019 പ്രകാരം സംസ്ഥാനമൊട്ടാകെ യുള്ള ബോയൻ സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി.
- നായിഡു
- കോടാങ്കി നായ്ക്കൻ
- കമ്മാറ - കേരള സംസ്ഥാനത്ത് മലബാർ ഡിസ്ട്രിക്ട് ഒഴികെ മറ്റെല്ലാ പ്രദേശങ്ങളി ലെയും കമ്മാറ വിഭാഗം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിരുന്നു. സ.ഉ.(കൈ) നം.10/2019/പി.വി.വി.വ, തീയതി 30.05.2019 ഉത്തരവ് പ്രകാരം മലബാർ ഡിസ്ട്രിക്ട് ഉൾപ്പെടെ സംസ്ഥാന മൊട്ടാകെയുള്ള കമ്മാറ സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി.
- കടച്ചിക്കൊല്ലൻ - വിശ്വകർമ്മയുടെ ഉപജാതിയായി ഉൾപ്പെടുത്തി.

ടി സമുദായങ്ങളെ സംസ്ഥാന പിന്നാക്ക വിഭാഗത്തിലുൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടു വിച്ച് KS&SSR -ൽ ആവശ്യമായ മാറ്റം വരുത്തു ന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആന്ധ്രാപ്രദേശിൽ നിന്നും കേരള ത്തിലേക്ക് കുടിയേറിപ്പാർത്ത നായിഡു സമുദായക്കാർക്ക് ഒ.ബി.സി. പദവി നൽകിയി ട്ടുണ്ടോ ; ഏതൊക്കെ സ്ഥലങ്ങളി ലാണ് ഈ വിഭാഗത്തിൽപ്പെട്ടവർ ഉള്ളതെന്ന് വ്യക്തമാക്കുമോ ?

(സി) നായിഡു സമുദായത്തെ സ.ഉ.(കൈ) നം.05/2019/ പി.വി.വി.വ, തീയതി 07.03.2019 പ്രകാരം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയി ട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി, പട്ടിപ്പറമ്പ് എന്നിവിടങ്ങളിലും, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലുമാണ് നായിഡു സമുദായത്തിൽപ്പെട്ടവർ അധിവസിക്കുന്നത്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ